"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിസി ) വകുപ്പ്**

സ.ഉ.(സാധാ) നം.1747/2025/LSGD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:- 1. 19/02/2024 ലെ സ.ഉ.(സാധാ)405/2024/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2. 15.05.2025 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/41239/2024 -DPLC2 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ 2024 വർഷം തീവ്രമായ വരൾച്ച അനുഭവപ്പെട്ട വാർഡുകളിൽ ജി.പി.എസ്. ഘടിപ്പിച്ച ടാങ്കർ ലോറിയിൽ 20/03/2024 മുതൽ 30/05/2024 വരെ കുടിവെള്ള വിതരണം നടത്തിയതിന് ആകെ 20,28,100/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും മാർച്ച് മാസം ചെലവായ 3,17,000/-രൂപയും ഏപ്രിൽ, മെയ് മാസങ്ങളിൽ അനുവദീനമായ 12,00,000/-രൂപയും ഉൾപ്പെടെ 15,17,000/- രൂപ കരാറുകാരന് നൽകിയതായി ഗ്രാമപഞ്ചായത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഏപ്രിൽ, മെയ് മാസങ്ങളിൽ ഈയിനത്തിൽ ചെലവഴിക്കുവാൻ അനുമതിയുള്ള തുകയിൽ നിന്നും അധികരിച്ച 2,84,800/- രൂപ കരാറുകാരന് അനുവദിച്ച് നൽകുന്നതിനുള്ള പ്രത്യേക അനുമതിക്കായി ഭരണ സമിതി തീരുമാനം, ടെണ്ടർ നടപടികൾ, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ് രേഖകൾ, ബില്ലുകൾ സഹിതം ഏറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ടി അനുബന്ധരേഖകൾ ഉള്ളടക്കം ചെയ്തുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരിക്കുന്നു. 2024-25 സാമ്പത്തികവർഷത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പുറപ്പെടുവിച്ച പരാമർശ ഉത്തരവ് പ്രകാരം പഞ്ചയാത്തുകൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിന് മാർച്ച് മാസം 6 ലക്ഷം രൂപയും

ഏപ്രിൽ, മെയ് മാസങ്ങളിൽ 12 ലക്ഷം രൂപയാണ് ചെലവഴിക്കാൻ അനുമതി നല്കിയിട്ടുള്ളതു.കുടിവെള്ള വിതരണത്തിന്റെ തുക നൽകുന്നതിന് മുമ്പ് GPS ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ക്രോസ്സ്ചെക്ക് ചെയ്യേണ്ടതും കുടിവെള്ള വിതരണം നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്നും നിഷ്കർഷിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 01/04/2024 മുതൽ 31/05/2024 വരെ കുടിവെള്ള വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് അനുവദനീയമായ 12.00 ലക്ഷം രൂപയിൽ അധികരിച്ച് വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ്. എന്നിവയുടെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ചെലവായ 2,84,800/- (രണ്ടുലക്ഷത്തിൽ എൺപത്തിനാലായിരത്തി എണ്ണൂറു രൂപ മാത്രം) രൂപയുടെ ചെലവ് ആധികാരികത വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തു സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും, ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHEEJA R S**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം
സെക്രട്ടറി, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് , എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ ആഡിറ്റ് 2, കേരള,തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ./ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 15-07-2025 15:01:38

സെക്ഷൻ ഓഫീസർ